**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഗുരുവായൂർ നഗരസഭ - ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന - ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം./4074/2017/ത.സ്വ.ഭ.വ**

തീയതി,തിരുവനന്തപുരം, 16/12/2017

---

പരാമർശം:- 1 . ടൗൺ പ്ലാനറുടെ (വിജിലൻസ്) 13.05.2015 തീയതിയിലെ സി.ടി.പി. (വിജ്) 342/15 നമ്പർ റിപ്പോർട്ടും 16.08.2017 തീയതിയിലെ 543/17 നമ്പർ റിപ്പോർട്ടും

2 . ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമന് നൽകിയ 29.04.2016 തീയതിയിലെ തസ്വഭവ-ഇ.യു.1/391/2015 - ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം.

3 . കുറ്റപത്രത്തിന് ശ്രീ.രഘുരാമൻ സമർപ്പിച്ച 06.06.2016 തീയതിയിലെ പ്രതിവാദ പത്രിക.

4. നഗരകാര്യ ഡയറക്ടറുടെ 15.11.2016 തീയതിയിലെ വി3-10676/16 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഗുരുവായൂർ നഗരസഭയിൽ സർവ്വെ നമ്പർ 133/6 , 7, 8, 16 സ്ഥലത്ത് 251/03/2014-ൽ ബിഎ 157/08-09 പ്രകാരം അബ്ദുൾ റസാഖ്, സെയ്ഫുദ്ദീൻ വലിയ വളപ്പിൽ എന്നിവർക്ക് അനുവദിച്ച

റസിഡൻഷ്യൽ ഫ്ലാറ്റിനുള്ള പെർമിറ്റ് കെ.എം.ബി.ആർ 99 ലംഘിക്കുന്നുവെന്ന 13.05.2015-ലെ സി.റ്റി.പി. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച നഗരസഭാ സെക്രട്ടറി ശ്രീ.രഘുരാമന് പരാമർശം രണ്ട് പ്രകാരം കുറ്റപത്രം നൽകി. കുറ്റപത്രത്തിന് ശ്രീ. രഘുരാമൻ നൽകിയ പരാമർശം മൂന്നിലെ പ്രതിവാദ പത്രികയിൽ കെട്ടിട നിർമ്മാണത്തിന് ലഭിക്കുന്ന അപേക്ഷകൾ ബിൽഡിംഗ് ഇൻസ്പെക്ടർ സ്ഥലപരിശോധന നടത്തി നിയമാനുസൃതമാണോയെന്ന് റിപ്പോർട്ട് ചെയ്യലാണ് പ്രാഥമിക നടപടി എന്നും ഈ ഫയലിൽ 20.03.2016-ൽ അപേക്ഷകർ സമർപ്പിച്ചിരിക്കുന്ന പ്ലാൻ കെ.എം.ബി. ആർ വിധേയമാണെന്നും അനുമതി നൽകാവുന്നതാണെന്ന് വ്യക്തവും വിശദവുമായ റിപ്പോർട്ട് നോട്ട് ഫയലിൽ ഗ്രേഡ് 1 ഓവർസിയർ ശ്രീ. ജയാനന്ദൻ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഇതു പരിശോധിച്ച അസിസ്റ്റന്റ് എഞ്ചിനീയർ 'permit may be granted' എന്ന് 21/03/2014-ൽ ശുപാർശ ചെയ്യുകയും അതേ തീയതിയിൽ തന്നെ മുനിസിപ്പൽ എഞ്ചിനീയർ ആയത് അംഗീകരിച്ച് സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുള്ളതുമാണെന്നും വിശദീകരിക്കുകയുണ്ടായി. വിജിലൻസ് റിപ്പോർട്ടിനെ തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ച അറിയിപ്പിനെ തുടർന്ന് കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് താൻ റദ്ദ് ചെയ്തിട്ടുള്ളതാണെന്നും നാളിതുവരെ യാതൊരു വിധത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും പ്രസ്തുത സ്ഥലത്ത് ആരംഭിച്ചിട്ടില്ലാത്തതാണെന്നും തെറ്റായ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തി ബിൽഡിംഗ് പെർമിറ്റ് നൽകാൻ ശുപാർശ ചെയ്ത ബിൽഡിംഗ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് മെമ്മോ നൽകിയിട്ടുണ്ടെന്നും തെറ്റായി പ്ലാൻ സമർപ്പിച്ച ബിൽഡിംഗ് സൂപ്പർവൈസർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് വിവരം റീജിയണൽ ജോയിന്റ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും ഈ വസ്തുത കണക്കിലെടുത്ത് ഇക്കാര്യത്തിൽ തന്റെ നിരപരാധിത്വവും ഉദ്ദേശ ശുദ്ധിയും ബോധ്യപ്പെട്ട് മെമ്മോയിന്മേലുള്ള എല്ലാ തുടർ നടപടികളും അവസാനിപ്പിക്കണമെന്നും ടിയാൻ അപേക്ഷിച്ചു.

2. ഈ വിഷയത്തിൽ നഗരകാര്യ ഡയറക്ടർ സമർപ്പിച്ച പരാമർശം മൂന്നിലെ കത്ത പ്രകാരം നൽകിയിരിക്കുന്ന റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു.

ഗുരുവായൂർ നഗരസഭയിലെ ബന്ധപ്പെട്ട ഫയൽ നം. 157/08-09 പരിശോധിച്ചതിൽ സർവ്വെ നമ്പർ 133/6, 7, 8, 16 സ്ഥലത്ത് 10 നില റസിഡൻഷ്യൽ ബിൽഡിംഗ് പണിയുന്നതിന് അബ്ദുൾ റസാഖ്, സെയ്ഫുദ്ദീൻ എന്നവർ സമർപ്പിച്ച അപേക്ഷ കെട്ടിടം നിർമ്മിക്കുന്നതിന് ഉദ്ദേശിച്ച സ്ഥലം മാസ്റ്റർ പ്ലാൻ പ്രകാരം പാഡി ഫീൽഡിൽ ഉൾപ്പെട്ടതിനാൽ 3 0 0 എം2 വരെ വരുന്ന കെട്ടിടങ്ങൾക്ക് മാത്രമേ അനുവാദം നൽകുന്നതിന് സാധിക്കു എന്നതിനാൽ നിരസിക്കുകയുണ്ടായി. നഗരസഭയുടെ ഈ തീരുമാനത്തിനെതിരെ ഉടമസ്ഥർ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത W(C ) No. 20714/2012-പെറ്റീഷൻ 26-03-2013-ൽ ബഹു. കോടതി തീർപ്പാക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം കേസിലെ രണ്ടാം എതിർ കക്ഷിയായ നഗരസഭാ സെക്രട്ടറിയോട് ഹർജിക്കാരന്റെ സ്ഥലം പരിശോധിച്ച് സ്ഥലം പാഡി ഫീൽഡാണോ എന്ന് വെരിഫൈ ചെയ്യുന്നതിനും ആയതിനു ശേഷം ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷയിൽ യുക്തമായ തീരുമാനം എടുക്കുന്നതിനുമാണ് ബഹു. കോടതി നിർദ്ദേശിച്ചത്. കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്ഥലം പരിശോധിച്ച ബിൽഡിംഗ് ഇൻസ്പെക്ടർ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങളൊന്നും ആരംഭിച്ചിട്ടില്ലെന്നും മേൽ ഭൂമിയിൽ യാതൊരു വൃക്ഷങ്ങളും കാണുന്നില്ലെന്നും അപേക്ഷ പരിഗണിക്കുന്നതിലേക്ക് വില്ലേജ് ടാക്സ് റസീപ്റ്റ്, പൊസഷൻ സർട്ടിഫിക്കറ്റ്, കെ.എം.ബി.ആർ പാലിക്കുന്ന വിധത്തിലുള്ള പ്ലാൻ എന്നിവ സമർപ്പിക്കുന്നതിന് നോട്ടീസ് നൽകുവാൻ ബിൽഡിംഗ് ഇൻസ്പെക്ടർ ശുപാർശ ചെയ്യുകയും ആയത് 30.05.2013-ൽ മുനിസിപ്പൽ എഞ്ചിനീയർ സെക്രട്ടറിക്ക് ശുപാർശചെയ്യുകയും 01.06.2013-ൽ അന്നത്തെ സെക്രട്ടറി ശ്രീ. വി.കെ. രാജൻ ശരിവയ്ക്കുകയും ചെയ്തുവെന്നും തുടർന്ന് നഗരസഭയിൽ നിന്ന് ആവശ്യപ്പെട്ട ന്യൂനതകൾ പരിഹരിച്ച് കക്ഷി സമർപ്പിച്ച റിവൈസ്ഡ് പ്ലാൻ കെ.എം.ബി.ആർ. 99-നും 2013-ലെ ഭേദഗതികൾക്കും വിധേയമാണെന്ന് കാണുന്നതിനാൽ അനുവാദം

നൽകാവുന്നതാണെന്ന് 16/08/2013, 26.08.2013 എന്നീ തീയതികളിൽ യഥാക്രമം ബിൽഡിംഗ് ഇൻസ്പെക്ടർ, മുനിസിപ്പൽ എഞ്ചിനീയർ, സെക്രട്ടറി എന്നിവർ നോട്ടിൽ സൂചിപ്പിച്ചതിനാൽ ഫയർ എൻ.ഒ.സി. യ്ക്ക് അയയ്ക്കുകയുണ്ടായി എന്നും ഫയർ എൻ.ഒ.സി. ലഭിച്ചതിനെ തുടർന്ന് 20.03.2014-ൽ മലിനജലം, തൊഴിലാളികളുടെയും, സമീപ ഭൂസ്വത്തുക്കൾക്കുണ്ടായേക്കാവുന്ന ജീവൻ സ്വത്ത് സംബന്ധിച്ചുള്ള നിബന്ധനയോടെ പെർമിറ്റ് കൊടുക്കാൻ ബിൽഡിംഗ് ഇൻസ്പെക്ടർ ജയാനന്ദൻ ശുപാർശ ചെയ്യുകയും 21.03.2014-ൽ മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. സുരേഷ് കുമാർ പെർമിറ്റ് നൽകുന്നതിന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി ശ്രീ. രഘുരാമൻ സോളിഡ്/ലിക്വിഡ് വേസ്റ്റ് മാനേജ്മെന്റിന് പര്യാപ്തമായ സംവിധാനം ഏർപ്പെടുത്തുന്നതിന് നിർദ്ദേശിക്കുകയും ഇതെനെത്തുടർന്ന് പെർമിറ്റ് അനുവദിക്കുകയുമുണ്ടായി. കൂടാതെ സി.റ്റി.പി. (വിജിലൻസ്) ന്റെ റിപ്പോർട്ടിൽ ബഹു. കോടതി ഉത്തരവ് പ്രകാരം സൈറ്റ് ഇൻസ്പെക്റ്റ് ചെയ്ത് സ്ഥലം പാഡി ഫീൽഡാണോ എന്ന് പരിശോധിച്ച് പെർമിറ്റ് നൽകുന്ന കാര്യത്തിൽ തീരുമാനം എടുക്കാനാണ് നിർദ്ദേശിച്ചതെങ്കിലും സൈറ്റ് ഇൻസ്പെക്റ്റ് ചെയ്യാതെയാണ് പെർമിറ്റ് അനുവദിച്ചതെന്ന് പരാമർശിക്കുകയുണ്ടായി.ഇതു ശരിയാണെന്ന് അന്വേഷണത്തിൽ ബോധ്യപ്പെടുകയുണ്ടായി. കോടതി ഉത്തരവ് പാലിക്കുന്നതിന് സെക്രട്ടറിയോ മുനിസിപ്പൽ എഞ്ചിനീയറോ സ്ഥലം പരിശോധിച്ചില്ല എന്നു മാത്രമല്ല കോടതി വിധിക്കുശേഷം സ്ഥലം പരിശോധിച്ച ബിൽഡിംഗ് ഇൻസ്പെക്ടർ ഭൂമിയിൽ യാതൊരു വൃക്ഷങ്ങളും കാണുന്നില്ലെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇതിൽ നിന്നും പെർമിറ്റ് അനുവദിച്ച സ്ഥലം പാഡി ഫീൽഡ് തന്നെയാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സി.റ്റി.പി. വിജിലൻസ് റിപ്പോർട്ട് ലഭിച്ചതിനെ തുടർന്ന് 01.12.2015-ൽ അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് റദ്ദു ചെയ്ത വിവരം അബ്ദുൾ റസാഖ്, സെയ്ഫുദ്ദീൻ എന്നിവരെ നഗരസഭ അറിയിച്ചിട്ടുള്ളതാണ്. കൂടാതെ ശ്രീ. രഘുരാമന്റെ മറുപടി അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും ശുപാർശ ചെയ്തു.

3. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു.

സാങ്കേതിക വിഭാഗം ജീവനക്കാരുടെ റിപ്പോർട്ട് ഉത്തമ വിശ്വാസത്തിലെടുത്താണ് പെർമിറ്റ് നൽകിയതെന്നുള്ള ശ്രീ. രഘുരാമന്റെ മറുപടി പൂർണ്ണമായി അംഗീകരിക്കത്തക്കതല്ല. ബഹു. കോടതി ഉത്തരവ് പ്രകാരം സൈറ്റ് ഇൻസ്പെക്റ്റ് ചെയ്ത് സ്ഥലം പാഡി ഫീൽഡാണോ എന്ന് പരിശോധിച്ച് പെർമിറ്റ് നൽകുന്ന കാര്യത്തിൽ തീരുമാനം എടുക്കാനാണ് നിർദ്ദേശിച്ചതെങ്കിലും സൈറ്റ് ഇൻസ്പെക്റ്റ് ചെയ്യാതെയാണ് പെർമിറ്റ് അനുവദിച്ചത്. ആയതിനാലാണ് അനുവദിച്ച ബിൽഡിങ് പെർമിറ്റ് പിന്നീട് റദ്ദാക്കേണ്ടി വന്നത്. ബഹു. കോടതി നിർദേശം പാലിക്കുന്നതിലുള്ള വീഴ്ചയും കൃത്യ വിലോപവുമാണ്.

4. ഈ സാഹചര്യത്തിൽ, ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി, KCS(CC&A) Rules 1960 Rule 11(1)(iii) പ്രകാരം ടിയാന്റെ രണ്ട് വാർഷിക വേതന വർദ്ധനവുകൾ രണ്ട് വർഷത്തേക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞു കൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.മോഹൻദാസ്**

**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.
ചെയർമാൻ/ ചെയർപേഴ്സൺ, ഗുരുവായൂർ നഗരസഭ.
ശ്രീ. രഘുരാമൻ, സെക്രട്ടറി, പാലക്കാട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ